


# ഏററവും വലിയ ലഹരി – ദൈവം

സങ്കേതഭവനത്തിലേക്ക് താങ്കളെയും കുടുംബത്തെയും ദൈവനാമത്തിൽ സ്വാഗതം ചെയ്യുന്നു. ആദ്യമായി നമുക്ക് സകലത്തിനും ദൈവത്തിന് നന്ദി പറയാം. ഇന്ന് താങ്കളെയും കുടുംബത്തെയും സങ്കേതഭവനത്തിൽ എത്തിച്ച പിതാവിന്റെ ആകർഷണത്തിനും ഇപ്പോഴത്തെ പ്രശ്നത്തിനും ദുഃഖത്തിനും വിഷമത്തിനും നന്ദി പറഞ്ഞ് ദൈവസന്നിധിയിൽ പരിശുദ്ധാത്മാവിന്റെ നിറവിനായി കാത്തിരിക്കാം. ഇത് വലിയ ഭാഗ്യമാണ്, ഈ അവസരം നാം നന്നായി പ്രയോജനപ്പെടുത്തി ദൈവപദ്ധതിയ്ക്കായി ഉപയോഗിച്ചാൽ നന്മയാൽ തിന്മയെ ജയിക്കാൻ സാധിക്കും.

**വേദവായനഭാഗങ്ങൾ :** എഫെസ്യർ 5:18; സദൃശവാക്യങ്ങൾ 31:4-6; 20:1; 23:20, 29-30; യെശയ്യാവ് 5:11; 28:1; 55:1; ഹബക്കുക് 2:15; ആവർത്തനപുസ്തകം 21:20; സഭാപ്രസംഗി 10:17; വിശുദ്ധ ലൂക്കൊസ് 12:45; 21:34; റോമർ 13:13; 1 കൊരിന്ത്യർ 5:11; 6:10; 1 തെസ്സലൊനീക്യർ 5:7; ഉല്പത്തി 9:21; ഗലാത്യർ 5:21; 1 പത്രൊസ് 4: 3; 2 പത്രൊസ് 2:13; ലേവ്യപുസ്തകം 10:9; യിരെമ്യാവ് 35:7

മദ്യാസക്തി ഒരു രോഗമാണ്. അത് ആരും സ്വയം തിരഞ്ഞെടുക്കുന്നില്ല. എന്നാൽ അതിന് ഇരയായവർ നമ്മുടെ സ്നേഹവും പരിചരണവും ആവശ്യപ്പെടുന്നു. മദ്യപിക്കുന്നത് ഒരു പാപവും, മദ്യാസക്തി ഒരു രോഗവുമാണ്. മദ്യപാനി തന്റെ കർത്തവ്യങ്ങൾ വിസ്മരിക്കുന്നു. ഗുരുതരസ്വഭാവമുള്ള പാപമായിട്ടാണ് വിശുദ്ധ പൗലൊസ് ഇതിനെ കാണുന്നത്, ഗലാത്യർ 5: 19-21. വിശുദ്ധ പത്രൊസ് 'ദുർന്നടപ്പിന്റെ കവിച്ചിൽ' എന്ന് 1 പത്രൊസ് 4:3-4 ൽ പറഞ്ഞിരിക്കുന്നു. സ്വയം നിയന്ത്രണം നഷ്ടപ്പെടുന്ന ഒരു രോഗിയാണ് മദ്യാസക്തൻ. മദ്യം കൊണ്ട് മാത്രം തൃപ്തി വരുത്താവുന്ന ഒരു രോഗമാണ്. ഒരു മദ്യപാനിയുടെ തലച്ചോറിന്റെ ഭാഗത്ത് THIQ –tetrahydroisoquinoline എന്ന ഒരു രാസവസ്തു രൂപം കൊള്ളുന്നു. ഈ രാസവസ്തുവാണ് മദ്യത്തിനായുള്ള ദാഹം വീണ്ടും മദ്യപാനിയിൽ ഉണർത്തുന്നത്.

ലഹരിയ്ക്കു അടിമപ്പെട്ടവരുടെ രോഗങ്ങൾക്ക് സൗഖ്യവും പാപങ്ങൾക്ക് മോചനവും നൽകാൻ കർത്താവ് തയ്യറാണ്, അത് ഏററുവാങ്ങി സുബോധത്തോടെ ജീവിക്കുമെന്ന് നാം പ്രതിജ്ഞയെടുക്കകയും കിട്ടുന്ന സൗഖ്യം കൂടുതൽ പാപം ചെയ്യാൻ ഇടയാക്കാതെ, സകലതും ദൈവത്തിൽ സമർപ്പിച്ച് ദൈവപദ്ധതിയ്ക്കായി കാത്തിരിക്കണം. ഇവിടെ പാപവും രോഗവും പരസ്പരബന്ധിതമാണ്. വിശുദ്ധ മർക്കൊസ് 2:17 ൽ 'ദീനക്കാർക്കല്ലാതെ സൗഖ്യമുള്ളവർക്ക് വൈദ്യനെകൊണ്ട് ആവശ്യമില്ല, ഞാൻ നീതമാന്മാരെ അല്ല, പാപികളെ അത്രെ വിളിപ്പാൻ വന്നത്'

മദ്യപാനി ഒരു പാപിയും ഒരു രോഗിയുമാണ്. മദ്യപാനം മുഴുവ്യക്തിത്വത്തെയും കാർന്നു തിന്നുന്നു, ശരീരാത്മദേഹികൾക്ക് അത് മാന്ദ്യം സമ്മാനിക്കുന്നു. ശരിയായ പാതയിൽ ബുദ്ധിയെ പ്രവർത്തിക്കാനാവാതെ മദ്യപാനി ദിനംപ്രതി നശിക്കുന്നു. അവനിൽ കുടികൊള്ളുന്ന ദൈവാത്മാവിനെ ദുഃഖിപ്പിക്കുന്നു. ഒരു ദിവസം രണ്ട് ഔൺസ് മദ്യം കഴിച്ചാൽ, സാധാരണ ഹൃദയമിടിക്കുന്നതിനെക്കാൾ 8000 പ്രാവശ്യം കൂടുതൽ ഇടിക്കേണ്ടിവരും. ഹൃദയത്തിന് വിശ്രമം കിട്ടാതെ വരും, അത് ഹൃദയസ്തംഭനത്തിൽ കലാശിക്കും. വൃക്കകളിലെത്തുന്ന മദ്യം വൃക്കകളുടെ ശക്തി ക്ഷയിപ്പിക്കും. മൂത്രവിസർജ്ജനം പ്രയാസമാക്കും. ഇതുമൂലം മാലിന്യങ്ങൾ രക്തത്തിൽ അടിഞ്ഞുകൂടി, മൂത്രത്തിൽ പഴുപ്പ്, വേദന, കല്ല്, രക്തസമ്മർദ്ദം, നീര് എന്നിവ ഉണ്ടാകും. മദ്യം അതിവേഗം തലച്ചോറിനെ ബാധിക്കും. ആത്മനിയന്ത്രണം, സുബോധം, ധാർമ്മികബോധം ഇവ നഷ്ടപ്പെടുന്നു.

മദ്യപാനി അയാളുടെ അകത്ത് ഒരുതരം ആത്മീയശൂന്യത അനുഭവിക്കുന്നു. ദൈവരാജ്യത്തിന്റെ മധുരമനോഹര അനുഭവം അവർക്ക് അജ്ഞാതമായിരിക്കും. ഏതൊരു രോഗിയും സൗഖ്യമാകാനാണ് ആഗ്രഹിക്കുന്നത്. മദ്യപാനിയോട് യേശു ചോദിക്കുന്നു, ' നിന്നെ സൗഖ്യമാക്കുവാൻ എനിക്ക് മനസ്സുണ്ട്, നിനക്ക് സൗഖ്യമാക്കുവാൻ മനസ്സുണ്ടോ? ഒരു പുതിയ ജീവിതം വേണോ?'

**ഏററവും വലിയ ലഹരി – ദൈവം**

ലഹരിക്കടിമപ്പെട്ടു ജീവിക്കുന്നവർ യഥാർത്ഥത്തിൽ ശരിയായി ലഹരി പിടിച്ചിട്ടില്ല. ശരിയായ ഹർഷോന്മാദം അനുഭവിക്കണമെങ്കിൽ ദൈവത്തിന്റെ വീഞ്ഞു കുടിക്കണം. ദൈവവചനം വലിയ ഒരു ലഹരിയാണ്. അത് നൽകുന്ന സമാധാനവും സന്തോഷവും ഒരു ലഹരി വസ്തുക്കൾക്കും നൽകാൻ കഴിയുകയില്ല. ശരിയായ ക്രിസ്തീയജീവിതം വലിയ ഒരു ലഹരിതന്നെയാണ്. അപ്പൊസ്തലപ്രവൃത്തികൾ 2:12-15 വായിക്കുക. പെന്തിക്കൊസ്തിനാളിൽ, പരിശുദ്ധാത്മാവ് നിറഞ്ഞവരായി സംസാരിച്ചപ്പോൾ, കേട്ടുനിന്നവർ പറഞ്ഞു, ഇവർ പുതുവീഞ്ഞു കുടിച്ചു മത്തരായി എന്ന്. എന്നാൽ പത്രൊസ് ശ്ലീഹാ പ്രസംഗത്തിൽ പറഞ്ഞു, 'ഇവർ ലഹരി പിടിച്ചവരല്ല, പകൽ മൂന്നാം മണി നേരമെ ആയിട്ടുള്ളു'. പരിശുദ്ധാത്മാവ് വിശ്വാസികളെ ലഹരി പിടിപ്പിക്കുന്നു. പരിശുദ്ധാത്മാവിന്റെ ഈ നിറവില്ലാത്തവരാണ് നശിച്ചുപോകുന്ന ലഹരിക്കുവേണ്ടി ഓടി നടക്കുന്നത്. ലോകത്തിന്റെ ലഹരി നശിപ്പിക്കുന്നതാണ്. ദൈവം നൽകുന്ന ലഹരി നിത്യജീവിതത്തിലേക്കുള്ളതാണ്. സഹോദരാ, താങ്കൾക്ക് ഏതുവേണം? നശിക്കുന്ന ലഹരിയോ അനശ്വരമായ ലഹരിയോ?

**പ്രാർത്ഥന**

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവേ, ഞങ്ങൾ ഞങ്ങളുടെ മിത്ഥ്യാബോധത്തിൽ ഈ ലോകത്തിന്റെ ലഹരിക്കടിമപ്പെട്ട് ജീവിച്ച് ഞങ്ങളുടെ ജീവനെയും പ്രാണനെയും നശിപ്പിച്ചു കളഞ്ഞതിൽ ഞങ്ങൾ ഏററവും ദുഃഖിക്കുന്നു. കർത്താവേ, ഇനിയും മദ്യം കുടിച്ച് മത്തരായി, അതുവഴി ദുർന്നടപ്പിലേക്ക് ഞങ്ങളെ നയിക്കാതെ സൂക്ഷിക്കേണമെ. ആത്മാവിന്റെ ലഹരിയിൽ സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീകഗീതങ്ങളിലും തമ്മിൽ സംസാരിക്കാൻ ഞങ്ങളെ സഹായിക്കണമെ. കർത്താവേ, ഈ ലോകത്തിന്റെ ലഹരി പിടിച്ചിട്ട് നിയമങ്ങൾ മറന്നുപോകാനും ന്യായങ്ങൾ മറിച്ചുകളയുവാനും ഇടയാകരുതേ. നശിക്കുന്നവർക്കുള്ളതാണ് മദ്യം എന്ന് ഞങ്ങളെ പഠിപ്പിച്ചതിന് നന്ദി. കലഹക്കാരനായ മദ്യത്തിൽ നിന്നും പരിഹാസിയായ വീഞ്ഞിൽ നിന്നും ഞങ്ങളെ അകററി പരിശുദ്ധാത്മാവിന്റെ ലഹരിയിൽ നിറയ്ക്കണമെ. കർത്താവേ, ലോകത്തിന്റെ ലഹരിയിൽ കഴിയുന്നവർക്ക്, കഷ്ടം, സങ്കടം, കലഹം, ആവലാതി എന്ന് ജ്ഞാനിയായ ശലോമോന്റെ സദൃശവാക്യത്തിലൂടെ ഞങ്ങളെ അറിയിച്ചതിന് നന്ദി. അതികാലത്ത് എഴുന്നേററ് മദ്യം തേടി ഓടുകയും വീഞ്ഞു കുടിച്ചു മത്തരായി സന്ധ്യാസമയത്തു വൈകിയിരിക്കുകയും ചെയ്യുന്നവർക്ക് കഷ്ടങ്ങൾ എന്ന് യെശയ്യാവ് പ്രവാചകനിലൂടെ ഞങ്ങളെ അറിയിച്ചല്ലോ. കൂട്ടുകാർക്ക് കുടിപ്പാൻ കൊടുക്കുന്നതും അവരെ ലഹരി പിടിപ്പിക്കുകയും ചെയ്യുന്നവന് കഷ്ടമെന്ന് ഹബക്കുക്ക് പ്രവാചകനിലൂടെ പഠിപ്പിച്ചതിന് ദൈവമേ നന്ദി. മദ്യം കുടിക്കുന്നവരെ അവിശ്വാസികളോടുകൂടെ പങ്ക് കല്പിക്കുമെന്ന് വിശുദ്ധ ലൂക്കൊസ് വചനത്തിലൂടെ ഞങ്ങളെ ഓർമ്മപ്പെടുത്തിയതിന് നന്ദി, സത്യവിശ്വാസികളായി കർത്താവിന്റെ രണ്ടാമത്തെ വരവിനായി കാത്തിരിക്കുവാൻ ഞങ്ങളെ സഹായിക്കണമെ. കർത്താവേ, ഞങ്ങളുടെ ഹൃദയം അതിഭക്ഷണത്താലും മദ്യപാനത്തിലും ഉപജീവനചിന്തകളാലും ഭരപ്പെട്ടിട്ട്, കർത്താവിന്റെ വരവിനെ മറന്നുജീവിക്കാൻ ഇടയാകാതെ സൂക്ഷിക്കണമേ. വെറിക്കുത്തുകളിലും മദ്യപാനത്തിലും ശയനമോഹങ്ങളിലും ദുഷ്ക്കാമങ്ങളിലും പിണക്കത്തിലും അസൂയയിലും നടക്കാതെ പകൽസമയത്ത് എന്നപോലെ മര്യാദയായി, കർത്താവായ യേശുക്രിസ്തുവിനെ തന്നെ ധരിച്ച് ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമെ. ഒരിക്കലും മോഹങ്ങൾ ജനിക്കുന്നതിനുവേണ്ടി ജഢത്തിനായി ചിന്തിക്കാൻ ഇടയാകരുതേ. മദ്യപാനികൾ സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ലെന്നും അവരോട് കൂടെ ഭക്ഷണം കഴിക്കരുത് എന്ന് വിശുദ്ധ പൗലൊസ് കൊരിന്ത്യർ ലേഖനത്തിലൂടെ പഠിപ്പിച്ചതിന് നന്ദി. കർത്താവേ, ഞങ്ങൾ പകലിനുള്ളവരാകയാൽ, വിശ്വാസവും സ്നേഹവും എന്ന കവചവും ശിരസ്ത്രമായി രക്ഷയുടെ പ്രത്യാശയും ധരിച്ചുകൊണ്ട് സുബോധമായിരിക്കാൻ ഞങ്ങളെ ആത്മാവിന്റെ ലഹരിയിൽ നിറയ്ക്കണമേ. കർത്താവേ, മദ്യപാനത്തിന്റെയും ലോകത്തിന്റെ മററ് ലഹരിയിൽ നിന്നും അതിന്റെ ദുർന്നടപ്പിൽ നിന്നും ഞങ്ങളെ വിടുവിച്ച് സൽപ്രവൃത്തികളിലൂടെ സന്മാർഗ്ഗത്തിൽ സഞ്ചരിക്കാൻ അങ്ങ് ഞങ്ങളുടെ കൂടെ ഉണ്ടായിരിക്കണമെ. മദ്യപാനം ഒരു രോഗമാണെന്നും അതിനെ സൗഖ്യമാക്കുവാൻ ദൈവത്തിന് കഴിയുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. കർത്താവേ, ഞങ്ങളെ സൗഖ്യമാക്കി നിത്യജീവിതത്തിലേക്ക് തിരിഞ്ഞ് ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കാനും, പരിശുദ്ധാത്മാവിന്റെ ലഹരിയിൽ നിറഞ്ഞ്, ദൈവപദ്ധതിയ്ക്കായി സകലവും സമർപ്പിച്ച് പ്രാർത്ഥനയോടെ കാത്തിരിക്കാൻ സഹായിക്കണമെയെന്ന് യേശുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നു. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി കരേററുവാൻ തന്നെ, ആമേൻ.

സന്ദർശിക്കുക : www.sankethabhavan.in www.sankethabhavan.org www.sankethabhavan.com